സാമൂഹ്യനീതി വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

311(1690) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നു മുതൽ 2016 ജനുവരി 31 വരെയുള്ള കാലയളവിൽ സാമൂഹ്യനീതി വകുപ്പ് വഴി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; അനുവദിക്കപ്പെട്ട പദ്ധതികളിൽ യഥാസമയം പൂർത്തീകരിക്കപ്പെടാതെ പോയ പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലാപ്സായി പോയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ലാപ്സായിപോയ ഫണ്ടിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചെലവഴിക്കപ്പെടാതെ പോകുന്ന ഫണ്ടുകൾ സാമൂഹ്യ ദുർബല വിഭാഗങ്ങളെ എത്രത്തോളം വിനാശകരമായി ബാധിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2013 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെയുള്ള കാലയളവിൽ സാമൂഹ്യനീതി വകുപ്പുവഴി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. സംയോജിത ശിശുവികസന പദ്ധതി.
2. സംയോജിത ശിശുവികസന ടെയിനിംഗ് പദ്ധതി.
3. സംയോജിത ശിശു സംരക്ഷണ പദ്ധതി.
4. അനുപൂരക പോഷകാഹാര പദ്ധതി
5. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി.
6. കിശോരി ശക്തി യോജന.
7. ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന.
8. ബേട്ടി ബെച്ചാവോ ബേട്ടി പഠാവോ.

മേൽപ്പറഞ്ഞ പദ്ധതികളെല്ലാംതന്നെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly